"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി- 2025-26 -പാലക്കാട് ജില്ല- ഒറ്റപ്പാലം നിയോജകമണ്ഡലം - അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്- **"തിരുണ്ടിക്കുന്ന് കോളനിക്ക് പുതിയ പാലവും റോഡും"** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2087/2026/LSGD തീയതി,തിരുവനന്തപുരം, 04-11-2026

പരാമർശം:- 1. 28/04/2021 ലെ GO(P) No. 67/2021/Fin

2. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 04.07.2026 ലെ LSGD/PD/32051/2025-EW6 നമ്പർ കത്ത്.

ഉത്തരവ്

2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-വാല്യം- II ക്രമ നം. 42 ൽ ഉൾപ്പെടുത്തി, **"ഒറ്റപ്പാലം നിയോജക മണ്ഡലം അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് തിരുണ്ടിക്കുന്ന് കോളനിക്ക് പുതിയ പാലവും റോഡും"** എന്ന പ്രവൃത്തിയ്ക്ക് 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി, 15 ലക്ഷം രൂപ വകയിരുത്തി ഒറ്റപ്പാലം നിയോജക മണ്ഡലം എം.എൽ.എ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ PMC വ്യവസ്ഥയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ സെന്റേജ് നിരക്കായ 4.2 % രേഖപ്പെടുത്തിയ M/S KEL മാമല കൊച്ചി സമർപ്പിച്ച DPR ഉം Price Software ൽ തയ്യാറാക്കിയ 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഡ്ജറ്റ് 2025-26 അനുബന്ധം II-വാല്യം- II ക്രമ നം. 42 ൽ ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ **"ഒറ്റപ്പാലം നിയോജക മണ്ഡലം അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് തിരുണ്ടിക്കുന്ന് കോളനിക്ക് പുതിയ പാലവും റോഡും"** എന്ന പ്രവൃത്തിക്ക് അക്രഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ് അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തി നിർവഹണം എന്നിവ സംബന്ധിച്ച് പരമാർശം (1) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിച്ചിരിക്കേണ്ടതാണെന്ന വ്യവസ്ഥയിലും പ്രസ്തുത പദ്ധതിക്ക് **75 ലക്ഷം രൂപയുടെ(എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് '4515-00-800-92(NP)' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഇ-അനുമതി പോർട്ടലിൽ കൂടി തുടർനടപടികൾ പൂർത്തിയാക്കേണ്ടതാണ് എന്ന് നിർദേശിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് , പാലക്കാട് ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധനകാര്യ വകുപ്പ് (3624385/Dev-3/228/2026-Fin) (AS/LGD/26/54712)
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർഡി
8) കരുതൽ ഫയൽ (ഡി.ബി2/528/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 04-11-2026
11:46:47
സെക്ഷൻ ഓഫീസർ